കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ്
കാസർകോട്

2018 ജൂലൈ 05
വ്യാഴം

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## ചന്ദ്രഗിരിപ്പുഴയിൽ ര രലക്ഷം കാരചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു

ചെമ്മനാട് പഞ്ചായത്തിലെ കീഴൂർ പ്രദേശത്തെ ചന്ദ്രഗിരിപ്പുഴയിൽ ര രലക്ഷം കാരചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർധിപ്പിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി മത്സ്യവകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യമത്സ്യകൃഷി പദ്ധതിയുടെ ഭാഗമായാണ് കാരചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചത്.

ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കല്ലട്ര അബ്ദുൾ ഖാദർ, വൈസ് പ്രസിഡന്റ് ശകുന്തള കൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലാണ് നിക്ഷേപിച്ചത്. പഞ്ചായത്ത് മെമ്പർമാരായ രേണുക ഭാസ്കരൻ, എൻ.വി.ബാലൻ, റഹ്മത്ത് അഷറഫ്, സെയ്ത്തുൻ അഹമ്മദ്, എസ്.രാജൻ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ പി.വി. സതീശൻ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ കെ.വി. സുരേന്ദ്രൻ, അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ എസ്.സാജൻ, പ്രോജക്ട് അസിസ്റ്റന്റുമാരായ സവിത മോഹൻ, ഐ.പി ആതിര, മത്സ്യതൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്:**

**ടൈഗർ പ്രോൺ 1:** കീഴൂർ പ്രദേശത്തെ ചന്ദ്രഗിരിപ്പുഴയിൽ കാരചെമ്മീൻ കുഞ്ഞുങ്ങളെ ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കല്ലട്ര അബ്ദുൾ ഖാദറിന്റെ നേതൃത്വത്തിൽ നിക്ഷേപിക്കുന്നു.

**ടൈഗർ പ്രോൺ:-** കീഴൂർ പ്രദേശത്തെ ചന്ദ്രഗിരിപ്പുഴയിൽ ര രലക്ഷം കാരചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഉദ്ഘാടനം ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കല്ലട്ര അബ്ദുൾ ഖാദർ നിർവഹിക്കുന്നു.

## മഡ് ഫുട്ബോൾ ഇന്ന്; കളക്ടറുടെ നേതൃത്വത്തിലുള്ള ടീമും മത്സരത്തിന്

ലോകകപ്പ് ഫുട്ബോൾ പ്രമാണിച്ച് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ജില്ലാഭരണകൂടവും സംയുക്തമായി സംഘടിപ്പിക്കുന്ന മഡ് ഫുട്ബോൾ ഇന്ന് നടക്കും. ജില്ലാ കളക്ടർ ജീവൻബാബുവിന്റെ നേതൃത്വത്തിലുള്ള കളക്ടറേറ്റ് ടീം, സിവിൽസ്റ്റേഷൻ ടീം, പെരുമ്പള യൂത്ത് ക്ലബ് ഉൾപ്പെടെ നാലു ടീമുകളാണ് സെവൻസ് ഫുട്ബോളിൽ അണിനിരക്കുന്നത്. പെരുമ്പള കൂലോത്തുങ്കാലിലെ ഉഴുതുമറിച്ച വയലിൽ ഇന്ന്(ജൂലൈ 6) ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

(തുടരും)

# ചീമേനി തുറന്ന ജയിലിൽ വായനാദിനാഘോഷം നടത്തി

ജില്ലാ സാക്ഷരതാ സമിതിയും ചീമേനി തുറന്ന ജയിൽ വെൽഫയർകമ്മിറ്റിയും സംയുക്തമായി വായനാ ദിനാഘോഷം നടത്തി. ചീമേനി തുറന്ന ജയിലിൽ നടന്ന ചടങ്ങിൽ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.പി രജനി ഉദ്ഘാടനം ചെയ്തു. സാക്ഷരത മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഷാജു ജോൺ മുഖ്യപ്രഭാഷണം നടത്തി. കെ.രതീശൻ, ഗിരീഷ്, കെ.വി രാഘവൻ, കെ.ഭാസ്ക്കരൻ,ടി.വി വസുമതി, കെ.കൗസല്ല്യ എന്നിവർ സംസാരിച്ചു. ജയിൽ സുപ്ര് കെ.ശിവപ്രസാദ് സ്വാഗതവും ഉമേഷ് ബാബു നന്ദിയും പറഞ്ഞു.

തുടർന്ന് ജയിലിലെ അന്തേവാസികൾക്കായി വായന മത്സരങ്ങൾ നടത്തി. എൻ.പി വിജയൻ, കെ.സുഗുണൻ, സി.കെ അശോകൻ, ഉണ്ണിക്കൃഷ്ണൻ, ജാഗിർ എന്നിവർ വിജയികളായി.

**ഫോട്ടോ അടിക്കുറിപ്പ്: ജയിൽ വായന:-**

ജില്ലാ സാക്ഷരതാ സമിതിയും ചീമേനി തുറന്ന ജയിൽ വെൽഫയർകമ്മിറ്റിയും സംയുക്തമായി നടത്തിയ വായനാ ദിനാഘോഷം കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.പി രജനി ഉദ്ഘാടനം ചെയ്യുന്നു.

# ജില്ലയിൽ വനംവകുപ്പ് 4.45 ലക്ഷം വൃക്ഷതൈകൾ വിതരണം ചെയ്തു

**: വലിയ കൂടത്തൈ വിൽപ്പനയ്ക്ക്**

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിൽ വനംവകുപ്പ് ഈ വർഷം ജൂൺ അഞ്ചിനകം 4.45 ലക്ഷം വൃക്ഷതൈകൾ വിതരണം ചെയ്തതായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത് റെക്കോഡാണ്. ജില്ലയിൽ വനം വകുപ്പിന്റെ ഹരിത കേരളം പദ്ധതിക്ക് വൻവരവേൽപ്പാണ് ലഭിച്ചതെന്നും അദ്ദേഹം പത്രക്കുറിപ്പിൽ അറിയിച്ചു. പരിസ്ഥിനി ദിനത്തിന് തൊട്ടുമുമ്പുതന്നെ ആറു നഴ്സറികളിൽ വൃക്ഷത്തൈകൾ തീർന്നിരുന്നു.കഴിഞ്ഞ വർഷം പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് 2.67 ലക്ഷ തൈകളാണ് ജില്ലയിൽ വിതരണം ചെയ്തത്.

ജനങ്ങളുടെ ആവശ്യത്തിനായി മാറ്റിവച്ച വലിയ കൂടത്തൈ ഒന്നിന് 45 രൂപ നിരക്കിൽ വനംവകുപ്പിന്റെ നഴ്സറികളിൽ നിന്നും വിതരണം ചെയ്യുന്നു്.അശോകം, വേപ്പ്, ഞാവൽ, ലക്ഷ്മിതരു, നീർമരുത്, ഉങ്ങ്, കണിക്കൊന്ന, പേര, സീതാപ്പഴം,ഉറുമാമ്പഴം എന്നിവ ഇവിടെ ലഭിക്കും. ഫോൺ: 8547603836, 8547603840.

# വിമുക്തഭടന്മാരുടെ ആശ്രിതരായ മക്കൾക്ക് നേഴ്സിംഗ് കോഴ്സ് പ്രവേശനം

ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സ്കൂളുകളിൽ 2018-ൽ ആരംഭിക്കുന്ന ഒക്സിലിയറി നേഴ്സിംഗ് ആൻഡ് മിഡ്-വൈഫ്സ്കോഴ്സിന്റെ പരിശീലനത്തിന് പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസായ വിമുക്തഭടന്മാരുടെ ആശ്രിതരായ പെൺമക്കൾക്കും പ്രതിരോധ സേനയിൽ സേവനത്തിലിരിക്കെ മരിച്ചവരുടെ ആശ്രിതരായ സ്ത്രീകൾക്കും ഓരോ സ്കൂളിനും ഓരോന്ന് വീതം സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ആരോഗ്യവകുപ്പ് ഡയരക്ടരുടെ വെബ് സൈറ്റായ www.dhs.kerala.gov.in ലഭിക്കും.

ഒറിജിനൽ അപേക്ഷയും പ്രോസ്പെക്ടസിൽ ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട നേഴ്സിംഗ് സെന്റർപ്രിൻസിപ്പാളിന് നേരിട്ട് അയക്കണം. ഇവയുടെ പകർപ്പ്, വിമുക്തഭട തിരിച്ചറിയൽ കാർഡ്, ജില്ലാ സൈനിക ക്ഷേമ ഓഫീസരിൽ നിന്നും നേടിയ ആശ്രിത സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സൈനിക ക്ഷേമ ഡയറക്ടർ, സൈനിക ക്ഷേമ ഡയറക്ടറേറ്റ് വികാസ് ഭവൻ, തിരുവനന്തപുരം-695033 എന്ന വിലാസത്തിൽ ഈ മാസം 16 നകം ലഭിക്കും വിധം അയക്കണം. ജെ പി എച്ച് എൻ ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം (പട്ടികജാതി, പട്ടികവർഗ്ഗ ക്കാർക്ക് മാത്രം), ജെ പി ഏച് എൻ ട്രയിനിംഗ് സെന്റർ കോട്ടയം,

(തുടരും)

ജെ പി എച്ച് എൻ ട്രയിനിംഗ് സെന്റർ പാലക്കാട് , ജെ പി എച്ച് എൻ ട്രയിനിംഗ് സെന്റർ കാസർകോട് എന്നിവയാണ് പരിശീലനം ലഭിക്കുന്ന കേന്ദ്രങ്ങൾ..

# മാറ്റിവച്ച വയർമാൻ എഴുത്ത് പരീക്ഷ 14ന്

മാറ്റിവച്ച ഇലക്ട്രിക്കൽ വയർമാൻ എഴുത്തു പരീക്ഷ ഈ മാസം 14ന് രാവിലെ 10 മുതൽ 12 വരെ കാഞ്ഞങ്ങാട് നിത്യാനന്ദ പോളിടെക്നിക്കിൽ നടത്തും. മെയ് 26ന് ഹാൾടിക്കറ്റ് ലഭിച്ച അപേക്ഷകർ ഹാൾടിക്കറ്റുമായി 14ന് രാവിലെ 10 ന് കാഞ്ഞങ്ങാട് നിത്യാനന്ദ പോളിടെക്നിക്കിൽ എത്തണം. പരീക്ഷയ്ക്ക് പുതുക്കിയ ഹാൾടിക്കറ്റ് അയക്കില്ല. ഹാൾടിക്കറ്റ് ലഭിക്കാത്ത ജില്ലയിലെ അപേക്ഷകർ കളക്ടറേറ്റിലുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസുമായി (ഫോൺ: 04994 256930) ബന്ധപ്പെടണമെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു.

# മികച്ച കർഷകൻ; അപേക്ഷ ക്ഷണിച്ചു

കാസർകോട് കൃഷിഭവന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 17 ന് കർഷകദിനത്തോടനുബന്ധിച്ച് ആദരിക്കുന്നതിന് നഗരസഭാ പരിധിയിലെ വിവിധ മേഖലകളിൽ മികച്ച കർഷകരെ തിരിഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. സമ്മിശ്രം, ക്ഷീരം, യുവ, വനിത, പട്ടികജാതി-വർഗ എന്നീ വിഭാഗങ്ങളിലാണു തെരഞ്ഞെടുപ്പ്. കർഷകർക്കു നേരിട്ടോ ശുപാർശ വഴിയോ പേരുകൾ നിർദ്ദേശിക്കാം. അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി ഈ മാസം 16. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക. ഫോൺ: 04994 230560

# ബാങ്കിംഗ് ആൻഡ് അക്കൗിംഗ് കോഴ്സ് ഉദ്ഘാടനവും

# ആദ്യ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും

കാസർകോട് നഗരസഭയിൽ കുടുബശ്രീവഴി നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി പരവനടുക്കത്തുള്ള ആലിയ കോളേജിൽ നടപ്പിലാക്കുന്ന ബാങ്കിംഗ് ആൻഡ് അക്കൗിംഗ് കോഴ്സിന്റെ രാമത് ബാച്ചിന്റെ ഉദ്ഘാടനം നഗരസഭ ചെയർ പേഴ്സൺ ബീഫാത്തിമ ഇബ്രാഹിം നിർവഹിച്ചു. നഗരസഭ കോഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ആദ്യ ബാച്ചിലെ വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നഗരസഭ വൈസ് ചെയർമാൻ എൽ.എ മുഹമദ് ഹാജി നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ കെ.എം അബ്ദുൾ റഹ്മാൻ അധ്യക്ഷതവഹിച്ചു. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാരായ അഡ്വ. വി എം മുനീർ , നൈമുന്നീസ, നഗരസഭ സെക്രട്ടറി സജികുമാർ വി, സിഡിഎസ് ചെയർപേഴ്സൺ സാഹിറ മുഹമ്മദ്, ചെമ്മനാട് ആലിയ കോളേജ് ട്രസ്റ്റ് ജനറൽ സെക്രട്ടറി സി.എച്ച് മുഹമ്മദ്, കോളേജ് പ്രിൻസിപ്പാൾ ജലീൽ പെർള, അക്കൗ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഷാനവാസ്, കോർഡിനേറ്റർ നിസാർ , കുടുബശ്രീ മെമ്പർ സെക്രട്ടറി എ.ആർ അജീഷ്, എൻയുഎൽഎം മാനേജർ സി.എം ബൈജു എന്നിവർ സംസാരിച്ചു.

ആദ്യ ബാച്ചിൽ പാസായ 34 പേരിൽ 32 പേർക്കും കാസർകോട്, കാഞ്ഞങ്ങാട്, ബാംഗ്ലൂർ എന്നിവടങ്ങളിൽ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ചു. നഗരസഭയിൽ താമസിക്കുന്ന 18 നും 35 നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്ക് വിവിധ തൊഴിലധിഷ്ടിത കോഴ്സുകളായ മൾട്ടി കുസിൻ കുക്ക്, ആയുർവേദ സ്പാ തെറാപ്പി, ബേസിക്ക് ഓട്ടോമോട്ടീവ് സർവീസിംഗ്, വെബ് ഡവലപ്പർ, സൈബർ സെക്യൂരിറ്റി അനലിസ്റ്റ്, അക്കൗ്സ് അസിസ്റ്റന്റ്, സർവേയർ, ഫാഷൻ ഡിസൈനിംഗ്, അസിസ്റ്റന്റ് ഫിസിയോതെറാപ്പിസ്റ്റ് തുടങ്ങിയവയിൽ പരിശീലനത്തിനും പ്ലേസ്മെന്റിനും വേി നഗരസഭ കുടുംബശ്രീയുമായോ എൻയുഎൽഎം ഓഫീസുമായോ ബന്ധപ്പെടാം. ഫോൺ: 9947045762, 9947507515, 9446751897

**ഫോട്ടോ അടിക്കുറിപ്പ്: ചെയർപേഴ്സൺ:-** ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി പരവനടുക്കം ആലിയ കോളേജിൽ നടപ്പിലാക്കുന്ന ബാങ്കിംഗ് ആൻഡ് അക്കൗിംഗ് കോഴ്സിന്റെ രാമത് ബാച്ചിന്റെ ഉദ്ഘാടനം നഗരസഭ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം നിർവഹിക്കുന്നു.

# ക്വട്ടേഷൻ ക്ഷണിച്ചു

കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തി 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗാശുപത്രിയിലേക്ക് മരുന്ന് വിതരണം താൽപര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ക്വ

(തുടരും)

ട്ടേഷൻ ക്ഷണിച്ചു. സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 19. ക്വട്ടേഷനുകൾ വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി, കിനാനൂർ കരിന്തളം, കരിന്തളം പി.ഒ, നീലേശ്വരം എന്ന മേൽ വിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുകയോ, www.tender.lsgkerala.gov.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാമെന്ന് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## കൂടിക്കാഴ്ച നാളെ

കാസർകോട് എ.സി.കണ്ണൻ കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്കൂളിൽ ഒഴിവുള്ള പ്രൈമറി അധ്യാപക തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിനുള്ള കൂടിക്കാഴ്ച നാളെ രാവിലെ(ജൂലൈ 7) രാവിലെ 10 ന് സ്കൂളിൽ നടക്കും നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ രേഖകളുമായി ഹാജരാകണം. ഫോൺ :9447394587

## പശു വളർത്തൽ പരിശീലനം

കണ്ണൂർ ജില്ലാ മൃഗാശുപത്രി കാമ്പസിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 11, 12, 13 തീയതികളിൽ പശു വളർത്തൽ പരിശീലനം നൽകും. പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് ഇന്നു(ജൂലൈ 6) രാവിലെ 10 മുതൽ പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് മാത്രമേ പ്രവേശനം ലഭിക്കു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0497 2763473

## യോഗ പ്രോഗ്രാമിന് അപേക്ഷിക്കാം

സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന യോഗ കോഴ്സിന് ഈ മാസം 16 വരെ അപേക്ഷിക്കാം. വിദൂരവിദ്യാഭ്യാസ രീതിയിൽ നടത്തുന്ന കോഴ്സിന് ആറു മാസമാണ് കാലാവധി. അപേക്ഷാഫോറവും പ്രോസ്പെക്സും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ: 0471-2325101, 2325102

## ദേവസ്വം ബോർഡ് വിഹിതം, കുടിശിക പിരിവ് 12 ന്

മലമ്പാർ ദേവസ്വം ബോർഡിനു കീഴിലുള്ള മലബാർ ക്ഷേത്ര ജീവനക്കാരുടേയും, എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും ക്ഷേമനിധി ക്ഷേത്ര വിഹിതം, കുടിശിക പിരിവ് നടത്തുന്നതിനായി ഈ മാസം 12 ന് രാവിലെ 11 മുതൽ കണ്ണൂർ പിള്ളയാർകോവിൽ ക്ഷേത്രത്തിൽ ക്ഷേമനിധി സെക്രട്ടറി ക്യാമ്പ് ചെയ്യും. മലമ്പാർ ദേവസ്വം ബോർഡിനു കീഴിലുള്ള കണ്ണൂർ, തളിപ്പറമ്പ്, തലശ്ശേരി, ഇരിട്ടി, ഹോസ്ദുർഗ് താലൂക്കുകളിലെ ക്ഷേത്ര ഭാരവാഹികൾ ഈ ക്യാമ്പിലെത്തി ക്ഷേമനിധിയിൽ അടയ്ക്കാനുള്ള വിഹിതം നിർബന്ധമായും അടയ്ക്കണം.

ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനായി ക്ഷേത്ര ജീവനക്കാർക്ക് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജനനതീയതി തെളിയിക്കുന്നതിനുള്ള രേഖയും ശമ്പള പട്ടികയുടെ പകർപ്പും സഹിതം അപേക്ഷ സമർപ്പിക്കാം. ജീവനക്കാരുടെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് ശമ്പള പട്ടികയുടെ പകർപ്പ് ഹാജരാക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

## വാഹനത്തിന് ക്വട്ടേഷൻ ക്ഷണിച്ചു

കാഞ്ഞങ്ങാട് യൂണിറ്റ് ര് സ്പെഷ്യൽ തഹസിൽദാർ എൽ.എ (എൻ.എച്ച്) യ്ക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 18. ഫോൺ: 0467-2200263.

## അരണ്യം മാസിക സ്കൂളുകൾക്ക് സൗജന്യം

കേരള വനം വന്യജീവി വകുപ്പിന്റെ പരിസ്ഥിതി മാസികയായ അരണ്യം സ്കൂളുകളിൽ സൗജന്യമായി വിതരണം ചെയ്യുന്നു. മാസിക ആവശ്യമുളളവർ www.forest.kerala.gov.in എന്ന സൈറ്റിൽ അപേക്ഷ

അപ്ലോഡ് ചെയ്യണം. സൈറ്റിൽ താഴെ ഭാഗത്തുള്ള FHQ Connect എന്ന ലിങ്ക് ഉപയോഗിക്കണമെന്നും അസിസ്റ്റന്റ് ഫോറസ്റ്റ് കസർവേറ്റർ അറിയിച്ചു.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്

കാഞ്ഞങ്ങാട് നഗരസഭയിൽ ജനനമരണ രജിസ്ട്രേഷൻ വിഭാഗത്തിലെ ഹോസ്പിറ്റൽ കിയോസ്കിൽ താൽക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിയമിക്കപ്പെടാൻ താൽപര്യമുള്ള, മലയാളം, ഇംഗ്ലീഷ് ഡാറ്റാ എൻട്രി അറിയാവുന്നവരും മുൻപരിചയമുള്ളവരുമായ നഗരസഭാ പരിധിയിലെ കുടുംബശ്രീ അംഗങ്ങൾ ഈ മാസം 13ന് രാവിലെ 11ന് നഗരസഭാഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണമെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു.

(അവസാനിച്ചു)

.